ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കണമെന്ന് എം.പി.മാരെക്കൊണ്ടുതന്നെ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. തോട്ടം മേഖലയിലെ ഗുരുതരമായ പ്രതിസന്ധി കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വ്യവസായം ഇന്ന് ഗുരുതരമായ പ്രതിസന്ധിയിലാണെന്നതിൽ സംശയമില്ല. ട്രേഡ് യൂണിയൻ നേതാക്കളുമായി ഇതുസംബന്ധിച്ച് ചർച്ച ആരംഭിച്ചുകഴിഞ്ഞു. അതിനുശേഷം തോട്ടം മേഖലയിലെ എം.എൽ.എ.മാരുടെ യോഗം വിളിച്ചു കൂട്ടുന്ന കാര്യം പരിശോധിക്കുന്നതാണ്.

മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതത്വം

4 (*34) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. എ. വി. അബ്ദു റഹിമാൻ ഹാജി :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് പരിശോധിക്കുവാൻ നിയോഗിച്ച സംസ്ഥാന പ്രതിനിധി സംഘത്തിൽ എത്ര സാങ്കേതിക വിദഗ്ദ്ധർ ഉണ്ടായിരുന്നു ; അവർ ആരെല്ലാം ; വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത അണക്കെട്ടിന്റെ ഉയരം കൂട്ടുന്നതുമൂലം സംസ്ഥാനത്തിന് ഉണ്ടാകാനിടയുള്ള ഭീഷണി കേന്ദ്രസർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ; വിശദാംശം വെളിപ്പെടുത്തുമോ ;

(സി) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് പഠിക്കുവാൻ സംസ്ഥാന സർക്കാർ സാങ്കേതിക വിദഗ്ദ്ധരടങ്ങിയ ഏതെങ്കിലും സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ആ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം ; വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) 1996-ലും 1998-ലും ഓരോ സാങ്കേതിക സമിതിയെ ഇതിനായി നിയോഗിച്ചിരുന്നു. 1996-ലെ സമിതിയിൽ സംസ്ഥാന വൈദ്യുതിബോർഡിൽ നിന്നും സിവിൽ മെമ്പറായി വിരമിച്ച ശ്രീ. എം. കെ. പരമേശ്വരൻ നായർ, ജലസേചനവകുപ്പിലെ ചീഫ് എൻജിനീയർ ശ്രീ. പി. ആർ. സഹസ്രനാമൻ എന്നിവരായിരുന്നു അംഗങ്ങൾ. 1998-ലെ സമിതിയിലെ അംഗങ്ങൾ താഴെപ്പറയുന്നവരാണ്.

1. അന്തർസംസ്ഥാന നദീജലം സംബന്ധിച്ച് സർക്കാർ ഉപദേശകനും എക്സ് ഒഫിഷ്യോ സെക്രട്ടറിയുമായ ശ്രീ. വി. എം. വത്സലൻ
2. ശ്രീ. എം. കെ. പരമേശ്വരൻ നായർ
3. ചീഫ് എൻജിനീയർ (ഐ. ആന്റ് എ), ശ്രീ. കെ. ശശിധരൻ

LIBRARY ARCHIVES Kerala Legislative Assembly

4. ചീഫ് എൻജിനീയർ (ഐ. എസ്. ഡബ്ല്യൂ), ശ്രീ. ടി. കെ. ശശി
5. സംസ്ഥാന വൈദ്യുതി ബോർഡ് ചീഫ് എൻജിനീയർ ശ്രീ. ആർ. എസ്. ചന്ദ്രമോഹൻ

(ബി) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പുയർത്തിയാലുണ്ടാകാവുന്ന അപകടാവസ്ഥ കണക്കിലെടുത്ത് 1998-ൽ ഇതിനെതിരെ ഐകകണ്ഠ്യേന ഒരു പ്രമേയം കേരള നിയമസഭ പാസ്സാക്കുകയും കേന്ദ്രസർക്കാരിന് അയക്കുകയും ചെയ്തിരുന്നു. കേരളത്തിലും തമിഴ്നാടിലും ഹൈക്കോടതികളിൽ നിലവിലുള്ള മുല്ലപ്പെരിയാർ സംബന്ധിച്ചകേസുകൾ സുപ്രീംകോടതിലേക്ക് മാറ്റണമെന്നാവശ്യപ്പെട്ട് തമിഴ്നാട് സർക്കാരും ഡോ. സുബ്രഹ്മണ്യൻ സ്വാമിയും സമർപ്പിച്ച ട്രാൻസ്ഫർ പെറ്റീഷനുകൾ വേണ്ടവിധം കൈകാര്യം ചെയ്യാൻ സീനിയർ അഭിഭാഷകരായ ശ്രീ. അശോക് ദേശായി, ഡോ. രാജീവ് ധവാൻ, ശ്രീ. അന്ത്യാർജ്ജുന എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലും ഇതിനായി ഹാജരാകുന്നുണ്ട്. കേന്ദ്രം നിയോഗിച്ച സാങ്കേതിക കമ്മിറ്റിയിൽ കേരളത്തിന്റെ പ്രതിനിധിയായ ശ്രീ. എം. കെ. പരമേശ്വരൻ നായരെ നോമിനേറ്റ് ചെയ്തിരുന്നു. കേരളത്തിന്റെ നിലപാട് ശക്തിയുക്തമായും ശാസ്ത്രീയമായും കേന്ദ്രകമ്മിറ്റി മുമ്പാകെ അവതരിപ്പിക്കാൻ ഇതുമൂലം സാധ്യമായി.

(സി) ഭൂമികുലുക്കത്തെ തുടർന്ന് മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വം വിലയിരുത്താൻ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് ഡയറക്ടർ കോ-ഓർഡിനേറ്ററായി ഒരു സാങ്കേതിക സമിതി രൂപീകരിച്ചു. അതിൽ താഴെപ്പറയുന്നവരാണ് അംഗങ്ങൾ :

1. ഡോ. എം. ബാബു, സെന്റ്സ് (കോ-ഓർഡിനേറ്റർ)
2. ഡോ. കുശലാ രാജേന്ദ്രൻ, സിസ്മോളജി, സെന്റ്സ്
3. ശ്രീ. ജോൺ മത്തായി, സ്ട്രക്ചറൽ ജിയോളജി, സെന്റ്സ്
4. ശ്രീ. ജി. ശങ്കർ, ജിയോളജി ആന്റ് ലിനിയാമെന്റ് ടെക്റ്റോനിക്സ്, സെന്റ്സ്
5. പ്രൊഫ. സുധീർ ജയിൻ, എർത്ത് ക്വാക്ക് എൻജിനീയറിംഗ്, ഐ.ഐ.ടി. കാൻപൂർ
6. ശ്രീ. എം. കെ. പരമേശ്വരൻ നായർ (റിട്ടയേർഡ് മെമ്പർ, കെ.എസ്.ഇ.ബി)
7. ശ്രീമതി ലളിതാ മൈക്കൽ, ചീഫ് എൻജിനീയർ, ഡിസൈൻസ്

ശ്രീ. കെ. പി. എ. മജീദ് : വളരെ ലാഘവത്തോടെയുള്ള മറുപടിയാണ് നൽകിയിരിക്കുന്നത്. 'ബി' ചോദ്യത്തിനുള്ള ഉത്തരം നോക്കിയാൽ അത് ബോദ്ധ്യമാകും. നിയമസഭാ പ്രമേയത്തിന്റെ വെളിച്ചത്തിലെങ്കിലും ഇതുസംബന്ധിച്ച അർത്ഥപൂർണ്ണമായ ചർച്ചകൾ കേന്ദ്രഗവൺമെന്റുമായി നടത്തിയിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : ഒട്ടേറെ ചർച്ചകൾ നടത്തിയിട്ടുണ്ട്. തമിഴ്നാട്-കേരള ഗവൺമെന്റുകൾ തമ്മിൽ തിരുവനന്തപുരത്തുവച്ചും കേന്ദ്രമന്ത്രിയുടെ നിർദ്ദേശപ്രകാരം ദൽഹിയിൽവച്ചും പലവട്ടം ചർച്ചകൾ നടന്നിട്ടുണ്ട് ; കേരളത്തിന്റെ നിലപാട് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫലമായിട്ടാണ് വിദഗ്ദ്ധസമിതിയെ നിയോഗിക്കാനുള്ള തീരുമാനം കേന്ദ്രഗവൺമെന്റ് എടുത്തത്. എന്നാൽ കേരള ഗവൺമെന്റ് നൽകിയിരുന്ന നിർദ്ദേശങ്ങൾ ഒന്നും പാലിക്കാതെയാണ് വിദഗ്ദ്ധസമിതിയെ നിയോഗിച്ചത്. ഇക്കാര്യവും ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പ്രധാനമന്ത്രിയെക്കണ്ട് ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. കെ. പി. എ. മജീദ് : കേരളത്തിൽ തുടരെത്തുടരെയുണ്ടാകുന്ന ഭൂചലനങ്ങളുടെ ഫലമായി മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷിതത്വത്തെ സംബന്ധിച്ചും ജലനിരപ്പ് ഉയർത്താനുള്ള തമിഴ്നാടിന്റെ ആവശ്യത്തിനെതിരെയും കേരളം ശക്തിയായി വാദിച്ചിട്ടില്ല എന്നാണ് മനസ്സിലാകുന്നത്. ഇപ്പോൾ വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് വന്നപ്പോൾ അതിനെതിരായി സുപ്രീംകോടതിയിൽ കേസ് നൽകുന്നതിനുള്ള നടപടികളെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : വിദഗ്ദ്ധസമിതിയുടെ ആദ്യത്തെ പ്രവർത്തനം കണ്ടപ്പോൾത്തന്നെ തീരുമാനം കേരളത്തിന് അനുകൂലമല്ലായെന്ന് ഞങ്ങൾ മനസ്സിലാക്കിയിരുന്നു. വിദഗ്ദ്ധസമിതി മുല്ലപ്പെരിയാറിൽ പരിശോധന നടത്തിയത് നാലു ദിവസം മാത്രമാണ്. ആ ദിവസങ്ങളിൽ ശാസ്ത്രീയമായ പരിശോധനകൾ ഒന്നും നടത്തിയില്ല. അത് നടത്തണമെന്ന് കേരള പ്രതിനിധി ആവശ്യപ്പെട്ടപ്പോൾ അത് ചെയ്യാൻ തയ്യാറായില്ല. അതിൽനിന്നും കേരളത്തിന് എതിരായ ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്നുവെന്ന ധാരണ ഉണ്ടായി. ഇതിനെതിരെ ഹൈക്കോടതിയിലെ മൂന്ന് പ്രഗദ്ഭരായ വക്കീലന്മാരെ ഉൾപ്പെടുത്തി ഒരു ലീഗൽ സെൽ ഉണ്ടാക്കി. വിദഗ്ദ്ധസമിതിയിലെ നമ്മുടെ മെമ്പർ ശാസ്ത്രീയമായി പ്രശ്നങ്ങളെ സമീപിച്ചതിനാലാണ് ജലനിരപ്പ് ഉയർത്താൻ പാടില്ലായെന്ന് ശക്തമായി വാദിച്ചത്. അതനുസരിച്ചുള്ള അഫിഡവിറ്റും സുപ്രീം കോടതിയിൽ കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

എസ്.സി/എസ്.ടി. വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

5 (*35) ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റർഹതയുള്ള വിഭാഗങ്ങളിൽപ്പെട്ടവർക്കുമുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ ഈ സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ ;